പൊതുയോഗം ടി പാനലിൽ നിന്ന് ആഡിറ്റർമാരെ തെരഞ്ഞെടു ക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിയമ ഭേദഗതിക്കനുസരണമായി ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) കൺസ്യൂമർഫെഡിന്റെ 2012-13 വർഷത്തെ ആഡിറ്റും കാപ്പക്സിന്റെ 1997-98 വർഷം മുതലുള്ള 15 വർഷത്തെ ആഡിറ്റും കുടിശ്ശികയാണ്. മറ്റൊരു അപ്പെക്സ് സഹകരണ സ്ഥാപനത്തിലും ആഡിറ്റ് കുടിശ്ശികയില്ല. എന്നാൽ 2012-13 വർഷത്തെ ചാർട്ടേർഡ് അക്കൗണ്ടന്റുമാരുടെ ഫിനാൻഷ്യൽ ആഡിറ്റ് കുടിശ്ശികയാണ്. ചാർട്ടേർഡ് അക്കൗണ്ടന്റുമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംയോജിത ഗ്രാമ വികസന പദ്ധതിയുടെ രണ്ടാം ഘട്ടം

72 (7908) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത സഹകരണ വികസന പദ്ധതിയുടെ രണ്ടാംഘട്ടത്തിനായി എന്തെല്ലാം ധനസഹായമാണ് എൻ.സി.ഡി.സി.-യിൽ നിന്നും ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ (ഓഫീസ് കെട്ടിടം, ഗോഡൗൺ, ഫർണീച്ചർ, കമ്പ്യൂട്ടർ, സേഫ് ഡെപ്പോസിറ്റ് ലോക്കർ, കൗണ്ടർ, സ്റ്റോംഗ് റൂം തുടങ്ങിയവ) മെച്ചപ്പെടുത്തുന്നതിനും കാർഷികവും അനുബന്ധ മേഖലകളിലുമുള്ള ഉൽപ്പാദനം, സംസ്കരണം, വിപണനം എന്നിവയുടെ വികസനത്തിനും നിലവിലുള്ള വ്യാപാരം ശക്തിപ്പെടുത്തുന്നതിനും സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ മാവന വിഭവശേഷി വികസനത്തിനുള്ള പരിശീലനം നൽകുന്നതിനും കൂടാതെ വിനോദസഞ്ചാരം, ആരോഗ്യ സംരക്ഷണം, പരമ്പരാഗത ഊർജ്ജ ഉൽപ്പാദനവും വിതരണവും, ആരോഗ്യ പരിപാലനം, വിദ്യാഭ്യാസം എന്നിവ നടപ്പിലാക്കുന്നതിന് എൻ.സി.ഡി.സി.യിൽ നിന്നും ധനസഹായം ലഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരളത്തിൽ വയനാട്, ജില്ലയിൽ സംയോജിത സഹകരണ വികസന പദ്ധതിയുടെ രണ്ടാം ഘട്ടം പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാം ഘട്ടം പദ്ധതിക്കുവേണ്ടി 9.6 കോടി രൂപ വയനാട് ജില്ലയിൽ ചെലവഴിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ രണ്ടാം ഘട്ടം പദ്ധതി ആരംഭിക്കുന്നതിന് ജീവനക്കാരെ തെരഞ്ഞെടുത്ത് കഴിഞ്ഞു. ഇതിനായി 61.24 കോടി രൂപയുടെ പ്രോജക്ടിന് അനുമതി നൽകിയിട്ടുണ്ട്. പദ്ധതി ഉടൻ ആരംഭിക്കുന്നതാണ്. പദ്ധതി നിർവ്വഹണ ഏജൻസിയായ ഇടുക്കി ജില്ലാ സഹകരണ ബാങ്കിന് 3.2 കോടി രൂപ പ്രാഥമികമായി നൽകിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ രണ്ടാം ഘട്ടം പദ്ധതി ആരംഭിക്കുന്നതിന് 62.08 കോടി രൂപയുടെ പ്രോജക്ട് എൻ.സി.ഡി.സി.-യുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ രണ്ടാം ഘട്ടം പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഐ.സി.എം. കണ്ണൂരിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

മൂലധന പര്യാപ്തത കൈവരിക്കാൻ നടപടി

73 (7909) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എം. ഹംസ :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശസാൽകൃത ബാങ്കുകൾക്ക് കേന്ദ്ര സർക്കാർ നൽകുന്ന ക്യാപ്പിറ്റൽ സപ്പോർട്ട് സംസ്ഥാനത്തെ സഹകരണ ബാങ്കുകൾക്കും ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) ഇല്ലെങ്കിൽ 2015 മാർച്ച് 31-ന് മുൻപ് ഏഴര ശതമാനം മൂലധന പര്യാപ്തത കൈവരിക്കണമെന്ന് റിസർവ് ബാങ്ക് നിർദ്ദേശം പാലിക്കുന്നതിന് സംസ്ഥാനത്തെ സഹകരണ ബാങ്കുകൾക്ക് സാധിക്കുമെന്ന് കരുതുന്നുണ്ടോ ;

(സി) നിലവിൽ സംസ്ഥാനത്തെ സഹകരണ ബാങ്കിന്റെയും പതിനാല് ജില്ലാ സഹകരണ ബാങ്കുകളുടെയും മൂലധന പര്യാപ്തത എത്ര ശതമാനം വീതമാണ്;

(ഡി) നിലവിലെ മൂലധന പര്യാപ്തത നേടുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകിയിരുന്നതെന്നും സർക്കാർ നൽകിയ സഹായം ഏതെല്ലാം സാമ്പത്തിക വർഷങ്ങളിലായിരുന്നുവെന്നും വ്യക്തമാക്കാമോ ;

(ഇ) 2013-14 സാമ്പത്തിക വർഷം അനുവദിച്ച് ഉത്തരവിറക്കിയ 199.50 കോടി രൂപയുടെ മൂലധന സഹായം നാളിതുവരെ കൊടുത്തു തീർക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly